# പതിമൂന്നാം കേരള നിയമസഭ

## (പത്താം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 156        06/01/2014-ൽ മറുപടിയ്ക്ക്**

## സുനാമി പുനരധിവാസ പദ്ധതി - ഫണ്ട് വിനിയോഗം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഇ. കെ. വിജയൻ** | **ശ്രീ. കെ. ബാബു**<br>**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി കേന്ദ്രം അനുവദിച്ച ഫണ്ട് പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) സുനാമി പുനരധിവാസ പദ്ധതിയ്ക്ക് 22.01 കോടി രൂപ കേന്ദ്ര ധനസ്സഹായം ഫിഷറീസ് വകുപ്പിന് ലഭിക്കുകയും ഫണ്ട് പൂർണ്ണമായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. സുനാമി പുനരധിവാസ പദ്ധതിയിൽപ്പെടുത്തി 37 ജീവനോപാധി പദ്ധതികൾ ഫിഷറീസ് വകുപ്പ് മുഖേന ജില്ലകളിൽ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>സുനാമി പുനരധിവാസ പദ്ധതി (റ്റി.ആർ.പി)-യിൽ ഉൾപ്പെടുത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് ഫിഷറീസ് മേഖലയിലെ വിവിധ പ്രവൃത്തികൾക്കും പോർട്ട് മേഖലയിലെ വിവിധ പ്രവൃത്തികൾക്കുമായി 10780 ലക്ഷം രൂപയുടെ ഫണ്ട് അനുവദിച്ചിരുന്നു. ഇതിൽ 10777.44228 ലക്ഷം രൂപ ചെലവഴിക്കുകയും ബാക്കി 2.55772 ലക്ഷം രൂപ തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഫണ്ട് വിനിയോഗിക്കാത്തതുമൂലം തീരപ്രദേശങ്ങളിൽ വ്യാപകമായ കടൽക്ഷോഭം നിയന്ത്രിക്കാൻ സാധിക്കുന്നില്ല എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) സുനാമി പുനരധിവാസ പദ്ധതിയിൽപ്പെടുത്തി ഫിഷറീസ് വകുപ്പിന് അനുവദിച്ച 22.01 കോടി രൂപയും 37 പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്. കടൽ ക്ഷോഭം നിന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഇറിഗേഷൻ വകുപ്പാണ് നടപ്പിലാക്കി വരുന്നത്. |

| | |
|---|---|
| (സി) പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ; | (സി) പ്രകൃതി ദുരന്തങ്ങൾ നേരിടുന്നത് പ്രധാനമായും റവന്യൂ വകുപ്പിന്റെ ചുമതലയിലാണ്. ഫിഷറീസ് മേഖലയുമായി ബന്ധപ്പെട്ട് കടൽ രക്ഷാ പ്രവർത്തനം, കാലാവസ്ഥാ മുന്നറിയിപ്പ്, 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ